പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2085 18/03/2015-ൽ മറുപടിക്ക്

# ചെറുകിട ജലവൈദ്യുത പദ്ധതികൾ

ചോദ്യം

ശ്രീ.എം.ഹംസ

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴിഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(എ)107.5 MW – ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി സർക്കാർ 2012-ൽ പോളിസി പുതുക്കുകയും മത്സര ദർഘാ – സിന്റെ അടിസ്ഥാനത്തിൽ CPP/IPP മേഖലകളിലായി 25 പദ്ധതികൾ അനുവദിക്കുകയുമുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും മറ്റ് വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റി വകുപ്പുതല പ്രശ്നങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്; അതിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(സി)110 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഐഡൻറിഫൈ ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ വഴി 640 MW ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഇതിൽ 27 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ(222.5 MW/808 Mu) വിശദപഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്ന പഠനങ്ങളും, സർവ്വേ ജോലികളും, 83 ചെറുകിടജലവൈദ്യുത പദ്ധതികളുടെ (417 MW) സാധ്യതാപഠന ജോലികളും പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ